# INDIAN SCHOOL AL WADI AL KABIR

## Pre-Mid Term Examination 2023-24

**SUB: Malayalam (012)**

Date: 30/05/2023 Time Allowed :1 hour

Class: X Maximum Marks: 30

*General Instructions:*

- Please check that this question paper contains 10 questions and 3 printed pages.

1. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക (14X½=7)

(a) 'അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നത് പോലെ' വെള്ളായിയപ്പൻ ഇരുന്നത് എവിടെയാണ് ?
(റെയിൽവേ സ്റ്റേഷനിലെ ബെഞ്ചിൽ, ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ, കടൽത്തീരത്തെ മണലിൽ, പുഴക്കരയിൽ)

(b) 'നളിനി' എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?
(ലഘുകാവ്യം, മഹാകാവ്യം, ഭാവകാവ്യം, ഖണ്ഡകാവ്യം)

(c) "അത് വധശിക്ഷയുടെ ചടങ്ങാണെന്ന് വെള്ളായിയപ്പൻ അറിഞ്ഞിരുന്നില്ല." ഏത്?
(മേധാവികൾ കടലാസ് പരിശോധിക്കുന്നത്, ഇരുമ്പഴിവാതിൽ അടയുന്നത്, കൊമ്പുവിളികൾ മുഴങ്ങുന്നത്, മേധാവികൾ ഉത്തരവിടുന്നത്)

(d) 'ഭവൽപദം കാണുവാൻ ചിരമഹോ കൊതിച്ചു ഞാൻ കേണുവാണിവിടെ' എവിടെയാണ് കേണുവാണത്?
(കേരളത്തിൽ, ഭർത്തൃവീട്ടിൽ, തറവാട്ടിൽ, ഹിമാലയത്തിൽ)

(e) "വെള്ളായി ഈ യാത്രയിൽ അതിനെക്കുറിച്ച് ഓർക്കരുത്." ഏതിനെക്കുറിച്ച്?
(മകന്റെ മരണത്തെക്കുറിച്ച്, വീട്ടാനുള്ള കടത്തെക്കുറിച്ച്, പാഴുതറ എന്ന ഗ്രാമത്തെക്കുറിച്ച്, കണ്ടുണ്ണിയുടെ വേദനയെക്കുറിച്ച്)

(f) 'ഭാവശാലികൾ പിരിഞ്ഞുകൂടിയാൽ' സുഖത്തിന്റെ ഉദയം എങ്ങനെയുള്ളതായിരിക്കും എന്നാണ് കവി പറയുന്നത്?
(പരിമിതം, വികലം, പാരം, കൗതുകം)

(g) ‘കഷ്ടകാലമഖിലം കഴിഞ്ഞു’ എന്ന് നളിനി പറയുന്നത് എന്തുകൊണ്ട്?
(സന്ന്യസിച്ചതുകൊണ്ട്, ദിവാകരനെ കണ്ടതുകൊണ്ട്, പ്രിയമൊരിക്കൽ ഈശ്വരൻ നൽകും എന്നതുകൊണ്ട് , കണ്ണുനീർ തൂകിയതുകൊണ്ട്)

(h) നളിനിയുടെ മുഖത്തെ എന്തിനോടാണ് കവി താരതമ്യപ്പെടുത്തുന്നത്?
(കണ്ണുനീർത്തുള്ളിയോട്, ചന്ദ്രനോട്, പൂരിതാഭയോട്, പനിനീർപ്പൂവിനോട്)

(i) ശരിയായ പദമേത്?
(ദൃഷ്ടൻ, ദ്രുഷ്ടൻ, ദ്രുഷ്ഠൻ, ദ്രിഷ്ഠൻ)

(j) പാഥേയം എന്ന പദത്തിന്റെ അർത്ഥം എന്ത്?
(ജീവനുള്ളത്, നനവ്, പൊതിച്ചോറ്, നിലനിൽക്കുന്നത്)

(k) വാക്ക് എന്ന അർത്ഥത്തിൽ ഉപയോഗിക്കാവുന്ന പദം ഏത്?
(മൊഴി, ആളി, സപദി, വല്ലി)

(l) മഞ്ഞ് എന്ന പദത്തിന്റെ പര്യായമല്ലാത്തത് ഏത്?
(ഹിമം, സൂനം, തുഷാരം, നീഹാരം)

(m) രഹിതം എന്ന പദത്തിന്റെ വിപരീതം എന്ത്?
(അരഹിതം, സുരഹിതം, സഹിതം, ഹിതം)

(n) കടൽ എന്നതിന്റെ പര്യായപദം ഏത്?
(കരടം, വിഷ്ടപം, ഫാലം, സാഗരം)

2. എതിർലിംഗം എഴുതുക (1)

(a) ഭവാൻ

3. ഒറ്റപ്പദം ഏത്? (1)

(a) തടവുകാർ പാർക്കുന്ന അറ

4. നാനാർത്ഥം എഴുതുക (2X1=2)

(a) മതി (b) അന്നം

5. അർത്ഥവ്യത്യാസം കണ്ടെത്തുക (2X1=2)

(a) ഭവനം - ഭുവനം (b) ചിത്രം – ഛത്രം

6. പിരിച്ചെഴുതുക (2X1=2)

(a) തന്നെയോർത്ത് (b) ശ്രദ്ധാഞ്ജലി

7. വിഗ്രഹിച്ചെഴുതുക (2X1=2)

(a) അപ്രിയം (b) തീവണ്ടി

8. തെറ്റുണ്ടെങ്കിൽ തിരുത്തുക (2X1=2)

(a) പിന്നിൽ നിലവിളി അകന്നു ശമിച്ചടങ്ങി.

(b) പാറാവുകാരൻ കടലാസിലെ വിവരങ്ങൾ വീണ്ടും ഒരിക്കൽക്കൂടി ശ്രദ്ധിച്ച് വായിച്ചു.

9. അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക (2X1=2)

(a) കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തേ വരുകയാൽ ബെഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റുപോയി.

(b) ഗെയ്റ്റിൽ ചീട്ട് തിരിച്ചുകൊടുത്തുകൊണ്ട് വെള്ളായിയപ്പൻ പുറത്തു കടന്നു.

10. ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (3X3=9)

(a) “അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ.” ആശയം വ്യക്തമാക്കുക.

(b) വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിക്കുന്നത് എങ്ങനെ?

(c) “പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും. ” ആര് ആരോട് പറയുന്ന വാക്കുകളാണിവ? ഇങ്ങനെ പറയാൻ കാരണമെന്ത്?

(d) “ഇനി നിനക്ക് തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ.” സന്ദർഭം എഴുതി വിശദീകരിക്കുക.

***